Mathrubhumi 18-09-18, P-11

# പ്രളയം: കാർഷിക ഗവേഷണ കേന്ദ്രത്തിൽ നഷ്ടം പത്തു ലക്ഷം

## നശിച്ചത് കോളിലേക്കായി സൂക്ഷിച്ച വിത്ത്

**മണ്ണുത്തി▸** കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രളയം മൂലം പത്തു ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി റിപ്പോർട്ട്. കോൾനിലങ്ങളിൽ കൃഷിയിറക്കുന്നതിന് സൂക്ഷിച്ചു വെച്ച വിത്താണ് വെള്ളം കയറി നശിച്ചത്. മനുരത്ന ഇനത്തിൽപ്പെട്ട 25 ടൺ വിത്ത് ഇവിടെ സൂക്ഷിച്ചിരുന്നു. രണ്ടര ടൺ നശിച്ചു പോയതായി ഗവേഷണ കേന്ദ്രം അധികൃതർ പറയുന്നത്.

പച്ചക്കറിത്തൈകൾ, മാവിൻ തൈകൾ, പച്ചക്കറി ഫാമിലെ വിത്തുകൾ, മോട്ടോർ പമ്പ് സെറ്റ്, നാൽപതിനായിരം ഗ്രാഫ്റ്റ് ചെയ്ത വിവിധയിനം മാവിൻ തൈകൾ, ഗവേഷണ കേന്ദ്രത്തിലെ നെൽകൃഷി എന്നിവയാണ് പ്രധാനമായി നശിച്ചത്. മഴയെ തുടർന്ന് കേന്ദ്രത്തിന്റെ ചുറ്റും മതിൽ മറിഞ്ഞു വീണു. മതിൽ പണി നടത്തുന്നതിനും ചെലവും വരും.

മഴ വരുന്നതിനു മുമ്പു തന്നെ നെൽകൃഷിക്ക് വേണ്ടി ശേഖരിച്ച വിത്താണ് ഒരാഴ്ച പെയ്ത മഴയിൽ കുതിർന്നത്.

വിത്ത് മാറ്റി വെയ്ക്കുന്നതിന് വേറെ സംരക്ഷണ കേന്ദ്രം ഉണ്ടായിരുന്നില്ല. കേടുവരാത്ത വിത്തും സർക്കാരിൽ നിന്ന് വാങ്ങുന്നതും ഉപയോഗിച്ചാണ് കർഷകർക്ക് നൽകിയത്.